# കേരള ബജറ്റ് 2026–27 ലെ നികുതി വെല്ലുവിളികൾ: മെച്ചപ്പെട്ട നികുതി ഭരണത്തിലൂടെ ധനകാര്യ പ്രതിസന്ധി പരിഹരിക്കാൻ കഴിയും

**ഡോ. ജോസഫ് ഏബ്രഹാം**

**അവതാരിക**

മുഖ്യമന്ത്രിയും ധനമന്ത്രിയുമായ ശ്രീ. വി.ഡി.സതീശൻ അവതരിപ്പിച്ച കേരളത്തിന്റെ 2026–27 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റ് സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിലെ അതീവ നിർണായക ഘട്ടത്തിലാണ് കടന്നു വന്നിരിക്കുന്നത്. അടുത്തിടെ പ്രസിദ്ധീകരിച്ച ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കേരളത്തിന്റെ പൊതുധനകാര്യ മേഖലയിലെ നിരവധി ഘടനാപരമായ ദൗർബല്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പൊതുകടം, ഉയരുന്ന പ്രതിബദ്ധ ചെലവുകൾ, മന്ദഗതിയിലുള്ള വരുമാന വളർച്ച, ദുർബലമായ നികുതി ഭരണ സംവിധാനം എന്നിവ ചേർന്നാണ് സംസ്ഥാന സർക്കാരിന് കടുത്ത വിഭവ ക്ഷാമം സൃഷ്ടിച്ചിരിക്കുന്നത്.

അതുകൊണ്ട് പുതിയ സർക്കാരിന് മുന്നിലുള്ള അടിയന്തര വെല്ലുവിളി ഒരു സന്തുലിത ബജറ്റ് അവതരിപ്പിക്കുക മാത്രമല്ല; മറിച്ച് ക്ഷേമപദ്ധതികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും അമിതമായ വായ്പാശ്രയമില്ലാതെ ധനസ്രോതസ്സുകൾ കണ്ടെത്താൻ കഴിയുന്ന സുസ്ഥിരമായ വിഭവ സമാഹരണ സംവിധാനം വികസിപ്പിക്കുകയുമാണ്.

കേരളത്തിന്റെ ധനകാര്യ പ്രശ്നങ്ങൾ നികുതി വർധിപ്പിച്ചാൽ മാത്രം പരിഹരിക്കാമെന്നാണ് പൊതുജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഒരു ധാരണ. എന്നാൽ യാഥാർത്ഥ്യം അതിനേക്കാൾ സങ്കീർണ്ണമാണ്. ഇന്ധന നികുതികൾ, മദ്യ നികുതികൾ, വാഹന നികുതികൾ, രജിസ്ട്രേഷൻ ഫീസുകൾ, വിവിധ സേവന ഫീസുകൾ എന്നിവ വഴി കേരളം ഇതിനകം തന്നെ സാധാരണ ജനങ്ങൾക്ക് താരതമ്യേന ഉയർന്ന നികുതി ഭാരം ചുമത്തുന്നുണ്ട്. യഥാർത്ഥ പ്രശ്നം, ഗണ്യമായ പല സാമ്പത്തിക പ്രവർത്തനങ്ങളും ഇപ്പോഴും ഫലപ്രദമായ നികുതി വലയത്തിന് പുറത്താണ് നിലനിൽക്കുന്നത് എന്നതാണ്. ദുർബലമായ നിർവഹണം, ചോർച്ചകൾ, നികുതി വെട്ടിപ്പ്, മോശം നികുതി ശേഖരണ കാര്യക്ഷമത എന്നിവയാണ് ആയതിന് കാരണം.

മേൽ പശ്ചാത്തലത്തിൽ, ഈ ലേഖനം കേരളത്തിന്റെ നികുതി ഘടന പരിശോധിക്കുകയും, 2026–27 ബജറ്റിലെ വരുമാന കണക്കുകൂട്ടലുകൾ വിലയിരുത്തുകയും, അടുത്ത അഞ്ച് വർഷത്തേക്ക് നികുതി ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രവർത്തനരേഖ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## 1. കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി: ഉയർന്നുവരുന്ന വരുമാന വെല്ലുവിളി

ചെലവുകളും വരുമാന സമാഹരണവും തമ്മിലുള്ള അസന്തുലിതാവസ്ഥയിൽ നിന്നാണ് കേരളം ഇന്ന് ഒരു ഘടനാപരമായ ധനകാര്യ പ്രതിസന്ധിയെ നേരിടുന്നത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ഈ പ്രതിസന്ധി ക്രമേണ വഷളായി വരികയാണ്. ശമ്പളങ്ങൾ, പെൻഷനുകൾ, പലിശകൾ, സാമൂഹ്യ ക്ഷേമ പദ്ധതികൾ എന്നിവയ്ക്കുള്ള ചെലവുകൾ സ്ഥിരമായി വർദ്ധിച്ചുവരുമ്പോൾ വരുമാന വർദ്ധന അതേ വേഗതയിൽ ഉണ്ടായിട്ടില്ല.

ഇതു മൂലം സംസ്ഥാനത്തിന്റെ വായ്പാശ്രയത്വം ഗണ്യമായി ഉയർന്നിട്ടുണ്ട്. ഹ്രസ്വകാലത്തേയ്ക്ക് വികസനച്ചെലവുകൾക്ക് വായ്പകൾ സഹായകമാകുന്നുണ്ടെങ്കിലും, അമിതമായ കടാശ്രയം ദീർഘകാലത്ത് പലിശഭാരം വർദ്ധിപ്പിക്കുകയും ധനകാര്യ സ്വാതന്ത്ര്യം കറയ്ക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഒരു ദശാബ്ദമായി കേരളത്തിൽ സംഭവിച്ചതും ഇതുതന്നെയാണ്.

അതിനാൽ സാധാരണ ജനങ്ങൾക്ക് അമിത നികുതി ഭാരം ചുമത്താതെ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുക എന്നതാണ് നിലവിലെ സർക്ാരിന് മുന്നിലുള്ള ഏറ്റവും പ്രധാന ഭരണ വെല്ലുവിളി.

## 2. കേരളത്തിന് പണം ലഭിക്കുന്നത് എവിടെ നിന്നാണ്? വരുമാന സ്രോതസ്സുകളുടെ ഒരു അവലോകനം

2026–27 സാമ്പത്തിക വർഷത്തിൽ ഏകദേശം ₹1,82,972 കോടി രൂപയുടെ ആകെ റവന്യു വരുമാനം സമാഹരിക്കാനാണ് കേരള സർക്കാർ പ്രതീക്ഷ വയ്ക്കുന്നത്.

ഇതിൽ ₹94,002 കോടി രൂപയോളം സംസ്ഥാന സർക്കാർ നേരിട്ട് പിരിക്കുന്ന നികുതികളിൽ നിന്നാണ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാന ലോട്ടറി, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭവിഹിതം, ഖനന റോയൽറ്റി, സേവന ഫീസ്, ലൈസൻസ് ഫീസ്, പലിശ വരുമാനം, വിവിധ വകുപ്പുകളുടെ വരുമാനം എന്നിവ ഉൾപ്പെടുന്ന നികുതിയേതര വരുമാനങ്ങളിൽ നിന്ന് ₹20,356 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷ.

കേന്ദ്ര നികുതികളിൽ കേരളത്തിനുള്ള വിഹിതമായി ഏകദേസം ₹42,114 കോടി രൂപയും കേന്ദ്ര ഗ്രാന്റുകളായി ₹26,500 കോടി രൂപയും ലഭിക്കുമെന്നാണ് കണക്കാക്കുന്നത്.

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് കേരള സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏകദശം 62.5 ശതാനം സ്വന്തം വിഭവങ്ങളിൽ നിന്നാണ് കണ്ടെത്തുന്നതെനന്നും ശേഷിക്കുന്ന 37.5 ശതമാനം കേന്ദ്ര സർക്കാരിന്റെ കൈമാറ്റങ്ങളിലാണ് ആശ്രയിക്കുന്നതെന്നുമാണ്.

അതായത്, കേരളത്തിന് ശക്തമായ ആഭ്യന്തര വിഭവശേഷിയുണ്ടെങ്കിലും സംസ്ഥാനം ഇപ്പോഴും കേന്ദ്ര കൈമാറ്റങ്ങളെ ഗണ്യമായി ആശ്രയിച്ചിരിക്കുകയാണ്.

## 3. 2026–27 ബജറ്റിലെ വരുമാന കണക്കുകൂട്ടലുകൾ എത്രത്തോളം യാഥാർത്ഥ്യ ബോധമുള്ളതാണ്?

2025–26 സാമ്പത്തിക വർഷത്തെ പുതുക്കിയ കണക്കുകളിലെ ₹1,37,083 കോടി രൂപയിൽ നിന്ന് 2026–27-ൽ ₹1,82,972 കോടി രൂപയിലേക്ക് റവന്യു വരുമാനം ഉയരുമെന്നാണ് ബജറ്റ് കണക്കാക്കുന്നത്. അതായത് ഒരു വർഷത്തിനുള്ളിൽ ഏകദേശം ₹45,889 കോടി രൂപയുടെ അധിക വരുമാന വർദ്ധനയാണ് പ്രതീക്ഷിക്കുന്നത്.

എന്നാൽ ഈ വർദ്ധനയിൽ വെറും ₹10,271 കോടി രൂപ മാത്രമാണ് സംസ്ഥാന നികുതി വരുമാന വർദ്ധനയിൽ നിന്ന് പ്രതീക്ഷിക്കുന്നത്. നികുതിയേതര വരുമാനത്തിൽ നിന്ന് ₹1,596 കോടി രൂപ മാത്രമാണ് അധികമായി പ്രതീക്ഷിക്കുന്നത്.

അതേസമയം ഏകദേശം ₹34,000 കോടി രൂപയുടെ അധിക വരുമാനം കേന്ദ്ര നികുതി വിഹിതവും കേന്ദ്ര ഗ്രാന്റുകളും വർദ്ധിക്കുന്നതിലൂടെയാണ് ലഭിക്കുമെന്നാണ് ബജറ്റ് കണക്കാക്കുന്നത്.

അതിനാൽ ബജറ്റിൽ പ്രതീക്ഷിക്കുന്ന അധിക വരുമാനത്തിന്റെ ഏകദേശം നാലിൽ മൂന്നുഭാഗവും സംസ്ഥാനത്തിന്റെ സ്വന്തം നികുതി ശ്രമങ്ങളെക്കാൾ കേന്ദ്ര സർക്കാരിന്റെ കൈമാറ്റങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇത് ബജറ്റിനെ അടിസ്ഥാനപരമായി തന്നെ ദുർബലമാക്കുന്നു. പ്രതീക്ഷിക്കുന്ന കേന്ദ്ര കൈമാറ്റങ്ങൾ പൂർണമായും ലഭിക്കാതിരിക്കുകയോ സംസ്ഥാന നികുതി ശേഖരണം പ്രതീക്ഷിച്ചതിലും കുറയുകയോ ചെയ്താൽ സർക്കാർ വീണ്ടും കൂടുതൽ വായ്പകൾ എടുക്കുകയോ വികസനച്ചെലവുകൾ മാറ്റിവെക്കുകയോ മൂലധന ചെലവുകൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യേണ്ടി വരും.

**4. കേരളത്തിന്റെ നിലവിലെ നികുതി ഘടന:സംസ്ഥാനത്തിന് എന്തൊക്കെ നികുതി ചുമത്താനാകും?**

വസ്തു-സേവന നികുതി (ജി.എസ്.റ്റി.) നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്ന നിരവധി സ്വതന്ത്ര നികുതി അധികാരങ്ങൾ നഷ്ടപ്പെട്ടു.

ഇപ്പോൾ കേരളം പ്രധാനമായും സംസ്ഥാന ജി.എസ്.റ്റി., പെട്രോളിയം, ഉൽപ്പന്നങ്ങളിലെ മൂല്യവർദ്ധിത നികുതി, മദ്യ എക്സൈസ് തിരുവ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, വാഹന നികുതി, വൈദ്യുതി തീരുവ, കെട്ടിട നികുതി, ഭൂനികുതി തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്.

വിശാല കാഴ്ചപ്പാടിൽ കേരളത്തിന്റെ നികുതി സംവിധാനം മൂന്ന് തൂണുകളിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

(i) ഉപഭോഗ നികുതികൾ

(ii) സ്വത്ത്-ഇടപാട് നികുതികൾ

(iii) മദ്യ-എക്സൈസ് നികുതികൾ

ഉയർന്ന ഉപഭോഗ നിരക്ക്, വൻ പ്രവാസി വരുമാനം, ശക്തമായ ടൂറിസം മേഖല, സജീവമായ റിയൽ എസ്റ്റേറ്റ് മേഖല, വലിയ വാഹന സാന്ദ്രത എന്നിവ കാരണം കേരളത്തിന് ശക്തമായ നികുതി അടിസ്ഥാനമുണ്ട്. യഥാർത്ഥ വെല്ലുവിളി നികുതി സാധ്യതയുടെ അഭാവമല്ല; മറിച്ച് നികുതി പൂർണമായി പിടിച്ചെടുക്കാൻ കഴിയാത്തതാണ്.

**5. കേരളം നികുതി ഭാരം കൂടിയ സംസ്ഥാനമോ?**

കേരളം നികുതി ഭാരം കൂടിയ സംസ്ഥാനമാണോ എന്ന ചർച്ച സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. സാധാരണ കുടുംബങ്ങൾ ഇതിനകം തന്നെ ഉയർന്ന നികുതി ഭാരം വഹിക്കുന്നുണ്ട്. എന്നാൽ ഉയർന്ന വരുമനമുള്ള നിരവധി മേഖലകൾ ഇപ്പോഴും ഭാഗികമായേ നികുതിക്ക് വിധേയമാകുന്നുള്ളൂ.

ക്യാഷ് ഇടപാടുകൾ, വരുമാന കുറച്ചുകാണിക്കൽ, ഇൻവോയ്സ് കൃത്രിമം, ബെനാമി ഇടപാടുകൾ, വ്യാജ ജി.എസ്.റ്റി. ബില്ലുകൾ, നേരിട്ടുള്ള നികുതി വെട്ടിപ്പ് തുടങ്ങിയവയാണ് പ്രധാന ചോർച്ചാ രീതികൾ.

അതിനാൽ പൊതുവേ കേരളം നികുതി കുറവുള്ള സംസ്ഥാനമല്ല. എന്നാൽ ഉയർന്ന മൂല്യമുള്ള ചില സാമ്പത്തിക പ്രവർത്തനങ്ങളിൽ നികുതി സമാഹരണം അപര്യാപ്തമാണ്.

പ്രശ്ന പരിഹാരം നികുതി നിരക്ക് വർദ്ധിപ്പിക്കുന്നതിലല്ല; മറിച്ച് നികുതി അടിത്തറ വികസിപ്പിക്കുന്നതിലും നിർവഹണ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലുമാണ്.

**6. കേരളത്തിന്റെ നികുതി ഭരണത്തിലെ പ്രധാന ദൗർബല്യങ്ങൾ**

കേരളത്തിന്റെ നികുതി ഭരണസംവിധാനം നിലവിൽ അഞ്ച് പ്രധാന ദൗർബല്യങ്ങൾ നേരിടുന്നു.

- വരുമാന കണക്കുകൾ പലപ്പോഴും അത്യാശാപരമാണ്.
- വൻ നികുതി കുടിശ്ശികകൾ വർഷങ്ങളായി പിരിച്ചെടുക്കപ്പെടാതെ തുടരുന്നു.
- ജി.എസ്.റ്റി. നിർവഹണം ഇപ്പോഴും മുഴുവൻ ഇ-ഡാറ്റാ അധിഷ്ഠിതമല്ല.
- ഭൂമി, കെട്ടിടം, വൈദ്യുതി ഉപയോഗം, നികുതി വിവരങ്ങൾ എന്നിവ തമ്മിലുള്ള ഡാറ്റാ ബേസുകൾ സംയോജിപ്പിക്കപ്പെട്ടിട്ടില്ല.

- പൊതുമേഖല സ്ഥാപനങ്ങൾ ട്രഷറിയിലേക്ക് ലാഭവിഹിതവും മറ്റ് കുടിശ്ശികകളും വേണ്ടത്ര സ്ഥിരമായി കൈമാറുന്നില്ല.

അതിനാൽ കേരളം അടിയന്തിരമായി പരമ്പരാഗത ഫയൽ അധിഷ്ഠിത ഭരണരീതി യിൽ നിന്ന് ആധുനിക ഡിജിറ്റൽ വരുമാന ഭരണത്തിലേക്ക് മൊത്തത്തിൽ മാറേണ്ടതുണ്ട്.

7. കേരളത്തിലെ നികുതി വെട്ടിപ്പ്: പ്രധാന ചോർച്ചാ മേഖലകൾ സ്വർണ വിപണി

സ്വർണ വിപണി

ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ വിപണികളിലൊന്ന് കേരളമാണ്. പണമായി ഇട പാടുകൾ, വരുമാനം കുറച്ചുകാണിക്കൽ, വിൽപ്പന മറച്ചുവയ്ക്കൽ എന്നിവ വലിയ അപകട സാധ്യതകളാണ് സൃഷ്ടിക്കുന്നത്. അതിനാൽ ഇ-ഇൻവോയ്സിംഗ്, സ്റ്റോക്ക് ഓഡിറ്റ്, റിസ്ക് അടിസ്ഥാനമാക്കിയ പരിശോധനകൾ, ജി,എസ്.റ്റി. ഇന്റലിജൻസ് സംവിധാനം എന്നിവ ശക്തി പ്പെടുത്തണം.

മദ്യ വിപണി

കേരളത്തിലെ ഏറ്റവും വലിയ വരുമാന സ്രോതസ്സുകളിൽ ഒന്നാണ് മദ്യ വിപണി. എന്നാൽ വിൽപ്പന കുറച്ചുകാണിക്കൽ, ദുർബലമായ നിരീക്ഷണം, വൈകിയ അടവുകൾ, എക്സൈസ് ക്രമക്കേടുകൾ എന്നിവ മൂലം വലിയ ചോർച്ചകൾ സംഭവിക്കുന്നു. ദീർഘകാലാ ടിസ്ഥാനത്തിൽ കേരളത്തിൽ വിൽക്കുന്ന ഓരോ മദ്യക്കുപ്പിയും ഗോഡൗണിൽ നിന്ന് ഉപഭോ ക്താവിലേക്ക് ഡിജിറ്റലായി പിന്തുടരാൻ കഴിയുന്ന രീതിയിലേക്ക് മാറണം.

വലിയ വ്യാപാര സ്ഥാപനങ്ങൾ

വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, കൃത്രിമ വ്യാപാര ഇടപാടുകൾ, ഇരട്ട ബില്ലിംഗ്, ജി. എസ്.റ്റി. രജിസ്ട്രേഷൻ ദുരുപയോഗം എന്നിവ വഴി നികുതി വെട്ടിപ്പ് നടക്കാൻ സാധ്യതയു ണ്ട്. ഡാറ്റാ അനലിറ്റിക്സ്, കൃത്രിമ ബുദ്ധി, തത്സമയ വിവര സംവിധാനങ്ങൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നത് ഇത്തരം ചോർച്ചകൾ ഗണ്യമായി കുറയ്ക്കും.

8. ഉപയോഗിക്കപ്പെടാത്ത വരുമാന സാധ്യകളും അധിക വിഭവ സമാഹരണവും

കേരളത്തിന്റെ വിവിധ വിഭവ ചോർച്ചാ മേഖലകളുടെ വിശകലനം സൂചിപ്പിക്കുന്നത്, സാധാരണ ജനങ്ങൾക്ക് പുതിയ നികുതി ഭാരം ചുമതത്താതെ തന്നെ പ്രതിവർഷം 4,050 കോടി മുതൽ ₹8,150 കോടി വരെ അധിക വരുമാനം സമാഹരിക്കാനാകുമെന്നാണ്.

ഈ കണക്കുകൾ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ, വകുപ്പു തല അനുഭവങ്ങൾ, ബജറ്റ് കണക്കുകളും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ, കേരളത്തിലെ അറിയപ്പെടുന്ന ചോർച്ചകൾ എന്നിവ യുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.

സർണവ്യാപാര മേഖലയിലെ ജി.എസ്.റ്റി. നിർവഹണം, വ്യാജ ജി.എസ്.റ്റി. ക്ലെയിമു കൾ കണ്ടെത്തൽ, മദ്യ നികുതി-പാലനം മെച്ചപ്പെടുത്തൽ, വൈദ്യുതി തീരുവ പിരിവ്, സ്റ്റാമ്പ് ഡ്യൂട്ടി ചോർച്ചകൾ തടയൽ, ഖനന റോയൽറ്റി മെച്ചപ്പെടുത്തൽ, തദ്ദേശ സ്ഥാപന നികുതി കൾ ശക്തിപ്പെടുത്തൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കൽ എന്നിവയിലൂടെ വലിയ സാധ്യതകളുണ്ട്.

9. 2031 വരെയുള്ള വരുമാന പരിഷ്കരണ പ്രവർത്തനരേഖ

ഈ പരിഷ്കാരങ്ങൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ക്രമബദ്ധമായി നടപ്പാക്കി യാൽ 2031 ഓടെ കേരളത്തിന് ₹42,050 കോടി മുതൽ 50,000 കോടി വരെ അധിക വരുമാനം സമാഹരിക്കാൻ കഴിയും.

ഇത് വാർഷിക കണക്കല്ല; മറിച്ച് അഞ്ചുവർഷത്തെ സഞ്ചിത കണക്കാണ്. ഭരണ പരിഷ്കാരങ്ങൾ പുരോഗമിക്കുന്നതനുസരിച്ച് വരുമാന നേട്ടങ്ങളും വർദ്ധിക്കുമെന്നാണ് ഇതിന്റെ അടിസ്ഥാന ധാരണ.

ആദ്യഘട്ടത്തിൽ കുടിശ്ശിക പിരിവ്, ജി.എസ്.റ്റി. നിർവഹണം, വൈദ്യുതി തീരുവ പിരിവ് തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകണം.

പിന്നാലെ, സ്വത്ത് മാപ്പിംഗ്, തദ്ദേശ നികുതി ഏകീകരണം, ഘനന പരിഷ്കാരങ്ങൾ, ടൂറിസം അധിഷ്ഠിത ലെവികൾ, ഡിജിറ്റൽ ഭരണസംവിധാനങ്ങൾ എന്നിവയുടെ ഏർപ്പാടാക്കൽ കൂടുതൽ വരുമാനം നൽകും.

**10. ആധുനിക നികുതി ഭരണസംവിധാനം: മുന്നോട്ടുള്ള വഴി**

ഇവിടെ വിവരിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ധനവകുപ്പ് നികുതി ഭരണത്തിന്റെ ഏകോപന കേന്ദ്രമായി മാറേണ്ടതുണ്ട്.

ജി.എസ്.റ്റി. വകുപ്പ്, എക്സൈസ് വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി, മോട്ടോർ വാഹന വകുപ്പ്, ഖനന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയെ സംയോജിപ്പിക്കുന്ന പ്രത്യേക **റവന്യു ഇന്റലിജൻസ് ആന്റ് അനലിറ്റിക്സ് യൂണിറ്റ്** രൂപീകരിക്കണം.

**സർക്കാർ പ്രതിവർഷം താഴെപ്പറയുന്ന വിവരങ്ങൾ പ്രസിദ്ധീകരിക്കണം:-**

(i) നികുതി കുടിശ്ശികകൾ

(ii) നികുതി ഇളവുകൾ മൂലം നഷ്ടപ്പെട്ട വരുമാനം

(iii) വകുപ്പുതല ശേഖരണ കാര്യക്ഷമത

(iv) നികുതി ഇളവുകളും ആനുകൂല്യങ്ങളും

(v) നിർവഹണ ഫലങ്ങൾ

ഇത്തരം നടപടികൾ നികുതി സംവിധാനത്തിലെ സുതാര്യതയും ഉത്തരവാദിത്വവും പൊതുജന വിശ്വാസവും വർദ്ധിപ്പിക്കും. ഇവ ഭരണ സാമ്പത്തിക സുസ്ഥിരതയെ പ്രോത്സാഹിപ്പിക്കും.

**ഉപസംഹാരം**

കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി അടിസ്ഥാനപരമായി നികുതി നിരക്കുകളുടെ പ്രതിസന്ധിയല്ല; മറിച്ച് നികുതി ഭരണത്തിന്റെ പ്രതിസന്ധിയാണ്.

സംസ്ഥാനത്തിന് നികുതി ചുമത്താവുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ കുറവില്ല. പകരം നികുതി പൂർണമായി പിടിച്ചെടുക്കാൻ കഴിയാത്തതും ദുർബലമായ നിർവഹണവും പൊതുസമ്പത്തുകളുടെ അപര്യാപ്ത ഉപയോഗവുമാണ് പ്രധാന പ്രശ്നങ്ങൾ.

ആധുനികവും സാങ്കേതികവിദ്യ അധിഷ്ഠിതവും സുതാര്യവുമായ നികുതി ഭരണ സംവിധാനം കേരളത്തിന്റെ ധനകാര്യ സ്ഥിതി ഗണ്യമായി മെച്ചപ്പെടുത്താൻ കഴിയും. ഈ പരിഷ്കാരങ്ങൾ ഗൗരവത്തോടെ നടപ്പാക്കിയാൽ 2031 ഓടെ 40,000-50,000 കോടി അധിക വരുമാനം സമാഹരിക്കാനും കടാശ്രയം കുറയ്ക്കാനും കേരളത്തിന്റെ വികസന-ക്ഷേമ മാതൃകയെ കൂടുതൽ ശക്തിപ്പെടുത്താനും കഴിയും. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിലവിലെ മുഖ്യമന്ത്രി-ധനമന്ത്രിയുടെ നേതൃത്വം ഫലപ്രദമായ ഇടപെടൽ നടത്തുമെന്ന് പ്രതീക്ഷിക്കാം.

*******